(ബി) എങ്കിൽ പ്രസ്തുത തുക നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; എത്ര രൂപ വരെ നൽകുന്നതിനാണ് ചുമതല നൽകിയിട്ടുള്ളത് ;

(സി) എത്ര തുക ഈ ഇനത്തിൽ നാളിതുവരെ നൽകിയിട്ടുണ്ട് ;

(ഡി) തുക നൽകുന്നതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ വിമുഖത കാണിച്ചതായ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) പരിക്കേറ്റവരെ സഹായിക്കുന്നവർക്ക് പോലീസിൽ നിന്നും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടുണ്ട്.

(ബി) സർക്കിൾ ഇൻസ്പെക്ടർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഒരു വ്യക്തിക്ക് 200 രൂപവരെ നൽകുന്നതിനാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഇതുവരെ 6,55,200 രൂപ നൽകിയതായി ജില്ലാ പോലീസ് മേധാവിമാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പരിക്കേറ്റവരെ സഹായിക്കാൻ എത്തുന്നവർക്ക് എല്ലാവിധ പ്രോത്സാഹനവും നൽകണമെന്നും അവർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കരുതെന്നുമുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊല്ലം റൂറൽ പോലീസിനായി 2 കമ്പനി സേനയെ ലഭ്യമാക്കുന്നത്**

250 (254) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസിനായി 2 കമ്പനി സേനയെ ലഭ്യമാക്കുമെന്ന ബഹു. ആഭ്യന്തരമന്ത്രിയുടെ പ്രഖ്യാപനം നാളിതുവരെ നടപ്പിലാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊല്ലം എ. ആർ. ക്യാമ്പിൽ നിന്നും 2 കമ്പനി സേനയെ കൊല്ലം റൂറൽ പോലീസിന് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ ശിപാർശ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. അടിയന്തര സാഹചര്യങ്ങളിൽ ആവശ്യമായ അംഗബലം സമീപ ജില്ലകളിൽനിന്നും ലഭ്യമാക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly